# തെറ്റിദ്ധാരണ പരത്തുവാനുള്ള ശ്രമം വിലപ്പോവില്ല

സർവീസ് സൊസൈറ്റിയുടെ ഭരണതലപ്പത്ത് സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും വേണ്ടുവോളം നേടിയശേഷം തങ്ങളുടേതായ കുറ്റം കൊണ്ട് സംഘടനയ്ക്ക് പുറത്തുപോകേണ്ടി വന്നവരുടെ എതിർപ്പുകളെ ഇപ്പോൾ നാം നേരിടേണ്ടിവന്നിരിക്കുകയാണ്. ബാഹ്യശക്തികളുടെ പിന്തുണയോടുകൂടി, സത്യവിരുദ്ധവും അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ ഉന്നയിച്ച് നേതൃത്വത്തെ അപകീർത്തിപ്പെടുത്തി ഈ മഹത്തായ സംഘടനയെ ക്ഷീണപ്പിക്കാമെന്നാണ് ഇക്കൂട്ടർ ആഗ്രഹിക്കുന്നത്. അതിനോടൊപ്പം കുത്സിതശ്രമങ്ങളിലൂടെയും വ്യവഹാരങ്ങളിലൂടെയും സംഘടനയെ തകർക്കാമെന്നാണ് അവർ വ്യാമോഹിക്കുന്നത്. വ്യവഹാരങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു -

(1) എൻ.എസ്.എസ്സിന് എതിരായി അവർ നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ മുമ്പാകെ കൊടുത്തിട്ടുള്ള കേസ്, മതിയായ അംഗങ്ങളുടെ പിന്തുണ ഇല്ലാതെ ഫയൽ ചെയ്തതിനാൽ അതായത് ഏകദേശം 1200 പേരുടെ പിന്തുണ വേണ്ടയിടത്ത് രണ്ടുപേരുടെ പിന്തുണ മാത്രം ഉള്ളതിനാൽ, കമ്പനി നിയമത്തിന്റെ 244(1) (ബി) വകുപ്പുപ്രകാരം ഇളവു നല്കി നായർ സർവീസ് സൊസൈറ്റിക്ക് എതിരെയുള്ള കമ്പനി പെറ്റീഷൻ നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ സ്വീകരിക്കണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നായർ സർവീസ് സൊസൈറ്റിക്ക് മാനേജിംഗ് ഡയറക്ടറെയോ ഡയറക്ടറെയോ ട്രൈബ്യൂണൽ നിയമിക്കണമെന്നും, നിലവിലുള്ള എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങളെയും അയോഗ്യരാക്കണമെന്നും അടുത്ത അഞ്ചുവർഷത്തേക്ക് അവരെ നായർ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായി തുടരുന്നത് തടയണമെന്നുമാണ് കമ്പനി പെറ്റീഷനിലെ ചില ആവശ്യങ്ങൾ. നോൺ ട്രേഡിംഗ് കമ്പനി രജിസ്ട്രാർ മുമ്പാകെ ആനുവൽ റിട്ടേൺ ഫയൽ ചെയ്തപ്പോൾ ഡയറക്ടർ ഐഡന്റിഫിക്കേഷൻ നമ്പർ കാണിക്കുകയുണ്ടായില്ല; ഒരു പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറിയുടെ സർട്ടിഫിക്കേഷൻ ഇല്ലാതെയാണ് റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളത്; ഡയറക്ടേഴ്സിനെ സംബന്ധിക്കുന്ന ആഡിറ്ററുടെ നോൺ - ഡിസ്ക്വാളിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളത് എന്നിങ്ങനെയുള്ള ആരോപണങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. നായർ സർവീസ് സൊസൈറ്റി ബഹു. ഹൈക്കോടതി മുമ്പാകെ നല്കിയ റിട്ട് ഹർജിയിൽ ഈ കേസിലെ തുടർനടപടികൾ സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്.

(2) ബഹു. കേരളാഹൈക്കോടതി മുമ്പാകെ നല്കിയിട്ടുള്ള റിട്ട് പെറ്റീഷനിൽ രജിസ്ട്രാർ ഓഫീസ് മുമ്പാകെ ആനുവൽ റിട്ടേൺ ഫയൽ ചെയ്തപ്പോൾ ഡയറക്ടർ ഐഡന്റിഫിക്കേഷൻ നമ്പർ കാണിക്കുകയുണ്ടായില്ല; ഒരു പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറിയുടെ സർട്ടിഫിക്കേഷൻ ഇല്ലാതെയാണ് റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളത്; ഡയറക്ടർമാരെ സംബന്ധിക്കുന്ന ആഡിറ്ററുടെ

നോൺ - ഡിസ്ക്വാളിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളത് എന്നൊക്കെയാണ് ആരോപണങ്ങൾ. ടി റിട്ട് ഹർജിയിലെ ആവശ്യം, നിലവിലുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളെ അയോഗ്യരായി പ്രഖ്യാപിക്കണമെന്നും അവരെ അടുത്ത അഞ്ചുവർഷത്തേക്ക് ഇന്ത്യയിലെ ഒരു കമ്പനിയിലും ഡയറക്ടർമാരായിരിക്കുന്നതിൽ അയോഗ്യരാണെന്ന് പ്രഖ്യാപിക്കണമെന്നും, ഇതിലൊക്കെ ഉപരിയായി നായർ സർവീസ് സൊസൈറ്റിയുടെ അടുത്ത ജനറൽ ബോഡി യോഗത്തിൽ പുതിയ ഡയറക്ടർ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതുവരെ ആവശ്യമുള്ള ഡയറക്ടർമാരെ സംസ്ഥാനസർക്കാർ നിയമിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് കേരള നോൺ ട്രേഡിംഗ് കമ്പനീസ് രജിസ്ട്രാർ മുമ്പാകെ ഇവർ ഫയൽ ചെയ്ത ഹർജി തീർപ്പാക്കാൻ രജിസ്ട്രാർക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം നല്കണമെന്ന പരിഹാരമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതേയുള്ളു.

(3) 2013 കമ്പനി നിയമപ്രകാരമുള്ള ന്യൂനതകൾ ചൂണ്ടിക്കാട്ടി, ക്രിമിനൽ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി മുമ്പാകെ മൂന്നാമത് ഒരു കേസുകൂടി നല്കിയിയിട്ടുണ്ട്. നായർ സർവീസ് സൊസൈറ്റി ബഹു. ഹൈക്കോടതി മുമ്പാകെ നല്കിയ റിട്ട് ഹർജിയിൽ ഈ കേസിലെ തുടർനടപടികൾ സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്.

കേരളാനിയമസഭ പാസ്സാക്കിയ നോൺ ട്രേഡിംഗ് കമ്പനീസ് ആക്ട് 1961 പ്രകാരമാണ് നായർ സർവീസ് സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 2013 - ലെ കമ്പനി നിയമം നായർ സർവീസ് സൊസൈറ്റിക്ക് യാതൊരു തരത്തിലും ബാധകമല്ല. നോൺ ട്രേഡിംഗ് കമ്പനീസ് ആക്ടിന്റെ എല്ലാ നിബന്ധനകളും അക്ഷരംപ്രതി പാലിച്ചുകൊണ്ടാണ് എൻ.എസ്.എസ്. ഇന്നേവരെ പ്രവർത്തിച്ചിട്ടുള്ളത്.

ഇതേപോലെയുള്ളവരുടെ സംഘടനാവിരുദ്ധപ്രവർത്തനം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സംഘടനയുടെ ശക്തമായ അടിത്തറകൊണ്ടും സമുദായാചാര്യന്റെ അനുഗ്രഹം കൊണ്ടും സമുദായാംഗങ്ങളുടെ ഐക്യവും അവർക്ക് സംഘടനയോടുള്ള വിശ്വാസം കൊണ്ടും അതിനെയെല്ലാം അതിജീവിക്കുവാൻ നമുക്ക് എന്നും കഴിഞ്ഞിട്ടുണ്ട്.

നിബന്ധനകൾക്ക് വിധേയമായും സത്യസന്ധവും സുതാര്യവുമായ കണക്കുകൾ സൂക്ഷിച്ചും അവ യഥാവിധി കൃത്യസമയത്ത് യോഗങ്ങൾ വിളിച്ചുകൂട്ടി അംഗീകാരം നേടിയും സാമ്പത്തികനിയന്ത്രണത്തോടുകൂടിയും മറ്റു സമുദായങ്ങൾക്കുപോലും മതിപ്പുളവാക്കുന്ന രീതിയിലും പ്രവർത്തിക്കുന്ന ഈ സംഘടനയെപ്പറ്റി പ്രബുദ്ധരായ സമുദായാംഗങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുവാൻ ആരുതന്നെ ശ്രമിച്ചാലും അത് വിലപ്പോവില്ല.